**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 691** **11-06-2024 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ജില്ലയിലെ വൈദ്യുതി പ്രശ്നങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിലെ വൈദ്യുതി മേഖലയിലെ പ്രധാനപ്പെട്ട പ്രശ്നങ്ങളും ന്യൂനതകളും എന്താണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;വ്യക്തമാക്കാമോ; | (എ) | കാസർഗോഡ് ജില്ലയിലെ വൈദ്യുതി മേഖലയിലെ പ്രശ്നങ്ങൾ ഇവയാണ്:<br><br>1) മതിയായ പ്രസരണ വിതരണ ശൃംഖലയുടെ അഭാവം<br><br>2) അധിക ഊർജ്ജ സ്രോതസ്സുകളുടെ അഭാവം<br><br>ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പ്രസരണ വിഭാഗത്തിൽ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു :<br><br>1) ഉഡുപ്പിയിൽ നിന്നും കരിന്തളം വരെയുള്ള 400 കെവി ലൈനിന്റെ നിർമ്മാണം ഉഡുപ്പി-കാസറഗോഡ് ട്രാൻസ്മിഷൻ ലിമിറ്റഡ് (യു.കെ.ടി.എൽ) എന്ന കമ്പനിയുടെ കീഴിൽ പുരോഗമിച്ചു വരുന്നു. കാസറഗോഡ് ജില്ലയിലെ കരിന്തളം എന്ന പ്രദേശത്ത് യു.കെ.ടി.എൽ-ന്റെ കീഴിൽ 400 കെവി സബ്സ്റ്റേഷന്റെ നിർമ്മാണവും പൂർത്തീകരിച്ചു കൊണ്ടിരിക്കുകയാണ്. ഈ സബ്സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കുന്നതോടെ ജില്ലയിലെ അധിക ഊർജ്ജസ്രോതസുകളുടെ അഭാവം പൂർണ്ണമായും പരിഹരിക്കപ്പെടും.<br><br>2) ഉഡുപ്പി-കാസർഗോഡ് 400 kV ലൈനിന്റെ തുടർച്ചയായി KSEBL നിർമ്മിക്കുന്ന കാസർഗോഡ്-വയനാട് 400 kV ലൈനിന്റെ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു.<br><br>3) 220 kV മൈലാട്ടി സബ്സ്റ്റേഷൻ മുതൽ 220 kV വിദ്യാനഗർ സബ്സ്റ്റേഷൻ വരെയുള്ള 12 കിലോമീറ്റർ 110 കെവി സിംഗിൾ സർക്യൂട്ട് ലൈൻ 220/110 കെവി മൾട്ടി സർക്യൂട്ട് മൾട്ടി വോൾട്ടേജ് ലൈനായി ഉയർത്തുന്നതിനുള്ള പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.<br><br>4) 33 കെവി സബ്സ്റ്റേഷനുകളായ സീതാംഗോളി, നീലേശ്വരം എന്നിവ 110 കെവി ആയി ഉയർത്തുന്ന പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ടി പ്രവൃത്തികളുടെ പ്രാരംഭ ജോലികൾ ആരംഭിച്ചു കഴിഞ്ഞു.<br><br>5) 110 കെവി വെള്ളരിക്കുണ്ട്, പൈവെളികെ, ബേക്കൽ, 33 കെവി പടന്ന, പടന്നക്കാട് എന്നീ സബ്സ്റ്റേഷനുകൾ നിർമ്മിക്കുന്നത് ബോർഡിന്റെ പരിഗണനയിലാണ് . |

6) ചീമേനിയിലെ നിർദ്ദിഷ്ട 100 മെഗാവാട്ട് സോളാർ പ്ലാന്റിനോടനുബന്ധിച്ച് 220കെ വി സബ്സ്റ്റേഷനും അനുബന്ധ ഇഎച്ച്ടി ലൈനുകളും നിർമ്മിക്കുന്നതിനുള്ള നിർദ്ദേശവും നിലവിലുണ്ട്.

കാസറഗോഡ് ജില്ലയിൽ ചില സ്ഥലങ്ങളിൽ വോൾട്ടേജ് ക്ഷാമവും ഓവർലോഡും ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. ആയത് പരിഹരിക്കുന്നതിന് വിദശ്ധമായി പഠനം നടത്തുകയും; അതിനുവേണ്ടി പുതിയ സബ്സ്റ്റേഷനുകൾ, സബ്സ്റ്റേഷനുകളുടെ ശേഷി വർദ്ധിപ്പിക്കൽ, പുതിയ വിതരണ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ/ശേഷി വർദ്ധിപ്പിക്കൽ, പുതിയ പ്രസരണ വിതരണ ലൈനുകൾ എന്നിവ ഉൾപ്പെടുത്തി 394.15 കോടി രൂപ ചെലവ് കണക്കാക്കി കാസറഗോഡ് സ്പെഷ്യൽ പാക്കേജ് നടപ്പിലാക്കാൻ പദ്ധതി ആവിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്. വിവരം ചുവടെ ചേർക്കുന്നു:

**<u>കാസർഗോഡ് പാക്കേജ്</u>**

| 2024-25 | 2025-26 | 2026-27 | ആകെ പദ്ധതി തുക (കോടിയിൽ) |
|---|---|---|---|
| 144.65 | 147.76 | 101.74 | 394.15 |

കൂടാതെ RDSS പദ്ധതിയിൽ ഉൾപ്പെടുത്തി 62.15 കോടി രൂപയുടെ വിതരണ മേഖല ശക്തിപ്പെടുത്തുവാനുള്ള ജോലികളുടെ ടെണ്ടറിംഗ് പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

ദ്യുതി 2.0 പദ്ധതിയിൽ വോൾട്ടേജ് വർദ്ധിപ്പിക്കുന്നതിനുവേണ്ടി LT സിംഗിൾ ഫേസ് ലൈനുകൾ ത്രീ-ഫേസ് ലൈനുകളാക്കുക, പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കുക, ട്രാൻസ്ഫോർമർ ശേഷി വർദ്ധിപ്പിക്കുക, പുതിയ 11 കെ.വി ലൈനുകൾ നിർമ്മിക്കുക മുതലായ പ്രവൃത്തികളുടെ ഇനിയുള്ള മൂന്നു സാമ്പത്തിക വർഷത്തിലെ കണക്ക് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| 2024-25 | 50.66 കോടി രൂപ |
| 2025-26 | 91.33 കോടി രൂപ |
| 2026–27 | 87.73 കോടി രൂപ |

(ബി) എങ്കിൽ ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) കാസർഗോഡ് ജില്ലയിലെ വൈദ്യുതി മേഖലയിലെ പ്രശ്നങ്ങൾ ഇവയാണ്:

1) മതിയായ പ്രസരണ വിതരണ ശൃംഖലയുടെ അഭാവം

2) അധിക ഊർജ്ജ സ്രോതസ്സുകളുടെ അഭാവം

ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പ്രസരണ വിഭാഗത്തിൽ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു :

1) ഉഡുപ്പിയിൽ നിന്നും കരിന്തളം വരെയുള്ള 400 കെവി ലൈനിന്റെ നിർമ്മാണം ഉഡുപ്പി-കാസറഗോഡ് ട്രാൻസ്മിഷൻ ലിമിറ്റഡ് (യു.കെ.ടി.എൽ) എന്ന കമ്പനിയുടെ കീഴിൽ പുരോഗമിച്ച

വരുന്നു. കാസറഗോഡ് ജില്ലയിലെ കരിന്തളം എന്ന പ്രദേശത്ത് യു.കെ.ടി.എൽ-ന്റെ കീഴിൽ 400 കെവി സബ്സ്റ്റേഷന്റെ നിർമ്മാണവും പൂർത്തീകരിച്ചു കൊണ്ടിരിക്കുകയാണ്. ഈ സബ്സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കുന്നതോടെ ജില്ലയിലെ അധിക ഊർജ്ജസ്രോതസുകളുടെ അഭാവം പൂർണ്ണമായും പരിഹരിക്കപ്പെടും.

2) ഉഡുപ്പി-കാസർഗോഡ് 400 kV ലൈനിന്റെ തുടർച്ചയായി KSEBL നിർമ്മിക്കുന്ന കാസർഗോഡ്-വയനാട് 400 kV ലൈനിന്റെ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു.

3) 220 kV മൈലാട്ടി സബ്സ്റ്റേഷൻ മുതൽ 220 kV വിദ്യാനഗർ സബ്സ്റ്റേഷൻ വരെയുള്ള 12 കിലോമീറ്റർ 110 കെവി സിംഗിൾ സർക്യൂട്ട് ലൈൻ 220/110 കെവി മൾട്ടി സർക്യൂട്ട് മൾട്ടി വോൾട്ടേജ് ലൈനായി ഉയർത്തുന്നതിനുള്ള പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

4) 33 കെവി സബ്സ്റ്റേഷനുകളായ സീതാംഗോളി, നീലേശ്വരം എന്നിവ 110 കെവി ആയി ഉയർത്തുന്ന പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ടി പ്രവൃത്തികളുടെ പ്രാരംഭ ജോലികൾ ആരംഭിച്ചു കഴിഞ്ഞു.

5) 110 കെവി വെള്ളരിക്കുണ്ട്, പൈവെളികെ, ബേക്കൽ, 33 കെവി പടന്ന, പടന്നക്കാട് എന്നീ സബ്സ്റ്റേഷനുകൾ നിർമ്മിക്കുന്നത് ബോർഡിന്റെ പരിഗണനയിലാണ് .

6) ചീമേനിയിലെ നിർദ്ദിഷ്ട 100 മെഗാവാട്ട് സോളാർ പ്ലാന്റിനോടനുബന്ധിച്ച് 220കെ വി സബ്സ്റ്റേഷനും അനുബന്ധ ഇഎച്ച്ടി ലൈനുകളും നിർമ്മിക്കുന്നതിനുള്ള നിർദ്ദേശവും നിലവിലുണ്ട്.

കാസറഗോഡ് ജില്ലയിൽ ചില സ്ഥലങ്ങളിൽ വോൾട്ടേജ് ക്ഷാമവും ഓവർലോഡും ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. ആയത് പരിഹരിക്കുന്നതിന് വിദഗ്ധമായി പഠനം നടത്തുകയും; അതിനുവേണ്ടി പുതിയ സബ്സ്റ്റേഷനുകൾ, സബ്സ്റ്റേഷനുകളുടെ ശേഷി വർദ്ധിപ്പിക്കൽ, പുതിയ വിതരണ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ/ശേഷി വർദ്ധിപ്പിക്കൽ, പുതിയ പ്രസരണ വിതരണ ലൈനുകൾ എന്നിവ ഉൾപ്പെടുത്തി 394.15 കോടി രൂപ ചെലവ് കണക്കാക്കി കാസറഗോഡ് സ്പെഷ്യൽ പാക്കേജ് നടപ്പിലാക്കാൻ പദ്ധതി ആവിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്. വിവരം ചുവടെ ചേർക്കുന്നു:

**<u>കാസർഗോഡ് പാക്കേജ്</u>**

| 2024-25 | 2025-26 | 2026-27 | ആകെ പദ്ധതി തുക (കോടിയിൽ) |
|---|---|---|---|
| 144.65 | 147.76 | 101.74 | 394.15 |

കൂടാതെ RDSS പദ്ധതിയിൽ ഉൾപ്പെടുത്തി 62.15 കോടി രൂപയുടെ വിതരണ മേഖല ശക്തിപ്പെടുത്തുവാനുള്ള ജോലികളുടെ ടെണ്ടറിംഗ് പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

ദ്യുതി 2.0 പദ്ധതിയിൽ വോൾട്ടേജ് വർദ്ധിപ്പിക്കുന്നതിനുവേണ്ടി LT സിംഗിൾ ഫേസ് ലൈനുകൾ ത്രീ-ഫേസ് ലൈനുകളാക്കുക, പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കുക, ട്രാൻസ്ഫോർമർ ശേഷി വർദ്ധിപ്പിക്കുക, പുതിയ 11 കെ.വി ലൈനുകൾ നിർമ്മിക്കുക മുതലായ പ്രവൃത്തികളുടെ ഇനിയുള്ള മൂന്നു സാമ്പത്തിക വർഷത്തിലെ കണക്ക് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| 2024-25 | 50.66 കോടി രൂപ |
| 2025-26 | 91.33 കോടി രൂപ |
| 2026–27 | 87.73 കോടി രൂപ |

(സി) പ്രസ്തുത ജില്ലയിലെ വിവിധ കെ.എസ്.ഇ.ബി. സെക്ഷനുകളിൽ ജീവനക്കാരുടെയും വാഹനങ്ങളുടെയും സാമഗ്രികളുടെയും കുറവുണ്ടോ എന്ന് സെക്ഷൻ തിരിച്ച് വ്യക്തമാക്കാമോ;

(സി) കമ്പ്യൂട്ടറൈസേഷൻ മൂലവും മറ്റ് സാങ്കേതിക മുന്നേറ്റങ്ങൾ മൂലവും ജോലി ഭാരത്തിലും ജോലിയുടെ സ്വഭാവത്തിലും വന്ന മാറ്റം കണക്കിലെടുത്ത് ജീവനക്കാരുടെ റീസ്ട്രക്ചറിംഗ് ബോർഡിന്റെ പരിഗണനയിലാണ്. ഇത് പൂർത്തിയാവുന്ന മുറയ്ക്കു മാത്രമേ ജീവനക്കാരുടെ കുറവ് സംബന്ധിച്ച് പൂർണ്ണ വിവരം കണക്കാക്കാൻ കഴിയൂ.

കെ.എസ്.ഇ.ബി.എൽ-ലെ നിലവിലുള്ള നിയമങ്ങൾ അനുസരിച്ച് വാഹനങ്ങൾ കരാർ അടിസ്ഥാനത്തിൽ ഇ-ടെണ്ടർ വിളിച്ച് ലഭ്യമാക്കുന്നുണ്ട്. ഇ-ടെണ്ടർ മുഖേന ലഭിക്കാത്ത അവസരങ്ങളിൽ അതാത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ ക്വട്ടേഷൻ വിളിച്ച് വാഹനം ലഭ്യമാക്കുന്നു. നിലവിലെ ബോർഡ് വ്യവസ്ഥകൾ പ്രകാരം അത്യാവശ്യ ഘട്ടങ്ങളിൽ അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് ഓരോ പ്രാവശ്യം 10000/- രൂപ വരെയും അസിസ്റ്റന്റ് എഞ്ചിനീയർമാർക്ക് 5000/- രൂപ വരെയും വാടകയ്ക്ക് വണ്ടി വിളിച്ച് ഉപയോഗിക്കാവുന്നതാണ്.

സാമഗ്രികളുടെ കുറവ് ഇല്ല. അത്യാവശ്യം വേണ്ടി വരുന്ന സാധനങ്ങൾ തീരുന്ന മുറയ്ക്ക് ലഭ്യമാക്കുന്നുണ്ട്.

(ഡി) പുതിയ ട്രാൻസ്ഫോർമറുകൾ അത്യാവശ്യമായി അനുവദിക്കേണ്ട പ്രദേശങ്ങൾ ഏതൊക്കെയാണെന്ന് സെക്ഷൻ തിരിച്ച് വ്യക്തമാക്കാമോ;

(ഡി) പുതിയ ട്രാൻസ്ഫോർമർ ദ്യുതി പദ്ധതിയിൽ അത്യാവശ്യമായി അനുവദിക്കേണ്ടതിന്റെ വിശദാംശങ്ങൾ:

| **ക്രമ നം.** | **സെക്ഷന്റെ പേര്** | **ട്രാൻസ്ഫോർമറുകൾ പുതുതായി സ്ഥാപിക്കാനുള്ളത്** |
|---|---|---|
| 1 | ES, Kasaragod | 4 |
| 2 | ES Nellikunnu | 3 |
| 3 | ES Kumbala | 1 |
| 4 | ES Uppala | 8 |
| 5 | ES Vorkady | 1 |
| 6 | ES Cherkala | 7 |
| 7 | ES Badiadka | 2 |
| 8 | ES Mulleria | 5 |

| | | |
|---|---|---|
| 9 | ES Perla | 3 |
| 10 | ES Chattenchal | 2 |
| 11 | ES Uduma | 13 |
| 12 | ES Kuttikkole | 6 |
| 13 | ES Seethangoli | 3 |
| 14 | ES Mavungal | 1 |
| 15 | ES Nileshwar | 4 |
| 16 | ES Pilicode | 2 |
| 17 | ES Thirikaipur | 1 |
| 18 | ES Rajapuram | 3 |
| 19 | ES Balamthode | 2 |
| 20 | ES Bheemanady | 1 |
| 21 | ES Chithari | 1 |
| 22 | ES Padanna | 1 |
| 23 | ES Nallompuzha | 1 |
| 24 | ES Kayyur | 1 |
| 25 | ES Choyyamkode | 1 |
| | **TOTAL** | **77** |

| | | | |
|---|---|---|---|
| (ഇ) | അത്യാവശ്യമുള്ളിടത്ത് ട്രാൻസ്ഫോർമറുകൾ അനുവദിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; | (ഇ) | സംസ്ഥാനത്തുണ്ടായ ശക്തമായ ഉഷ്ണ തരംഗം എയർ കണ്ടീഷണറുകളുടെ ഉപയോഗം വർദ്ധിപ്പിക്കുകയും തന്മൂലം ക്രമാതീതമായ ലോഡ് വർദ്ധനവ് കെ.എസ്.ഇ.ബി.എൽ ശൃംഖലയിലെ ഫീഡറുകളിലും ട്രാൻസ്ഫോർമറുകളിലും ഉണ്ടായതുമൂലവും കെ.എസ്.ഇ.ബി.എൽ. നൽകിയ പർച്ചേസ് ഓർഡറുകൾക്കനുസൃതമായി ട്രാൻസ്ഫോർമറുകൾ M/s.KEL ലഭ്യമാക്കാതിരുന്നതും ട്രാൻസ്ഫോർമറുകളിൽ അപ്രതീക്ഷിതമായി ഉണ്ടായ ലോഡ് വർദ്ധനവ് കൈകാര്യം ചെയ്യുന്നതിന് കെ.എസ്.ഇ.ബി.എൽ-ന് ബുദ്ധിമുട്ടുണ്ടാക്കി. എന്നിരുന്നാലും, ബദൽ സംവിധാനം ഒരുക്കി ട്രാൻസ്ഫോർമർ ലഭ്യമാക്കിവരുന്നു. അത്യാവശ്യമുള്ളിടത്ത് ട്രാൻസ്ഫോർമർ അനുവദിക്കുകയും ലഭ്യമാകുന്ന മുറയ്ക്ക് അവ സ്ഥാപിക്കുകയും ചെയ്തുവരുന്നു. |
| (എഫ്) | പുതിയ കണക്ഷനു വേണ്ടി അപേക്ഷ നൽകി കാത്തിരിക്കുന്നവർ എത്രയുണ്ടെന്ന് സെക്ഷൻ തിരിച്ച് വ്യക്തമാക്കാമോ; കണക്ഷൻ നൽകാൻ കാലതാമസമുണ്ടെങ്കിൽ കാരണം വ്യക്തമാക്കാമോ? | (എഫ്) | നിലവിൽ കണക്ഷനുവേണ്ടി അപേക്ഷ നൽകി പണമടച്ചവർക്ക് സമയബന്ധിതമായി കണക്ഷൻ കൊടുത്തു വരുന്നുണ്ട്. പുതിയ കണക്ഷനുവേണ്ടി അപേക്ഷ നൽകി കാത്തിരിക്കുന്നവർ ആരും ഇല്ല. |

സെക്ഷൻ ഓഫീസർ